വർഷങ്ങളേറെയായി. സ്കൂൾ വർഷം അവസാനിക്കാറായിട്ടും പ്രസ്തുത തുക നൽകാതിരിക്കുന്നത് മേൽപ്പടി സമുദായങ്ങളിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസപരമായ പുരോഗതിയെ വളരെയേറെ ബാധിച്ചിട്ടുണ്ട്. മാത്രമല്ല ഇത് ന്യൂനപക്ഷ സമുദായങ്ങളോട് കാണിക്കുന്ന കടുത്ത അവഗണനയാണ്. ആയതിനാൽ ഈ കാര്യത്തിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധപതിപ്പിച്ച് ഈ തുക എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

മി.ചെയർമാൻ : വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി.....മന്ത്രി സീറ്റിലില്ല.

ശ്രീ. കെ. എം. മാണി : സർ, മറുപടി പറയാൻ മന്ത്രിമാർ സമയത്തില്ലാതിരിക്കുക.....അല്ലെങ്കിൽ ബഹുമാനപ്പെട്ട മെമ്പറെ വിളിക്കരുതായിരുന്നു.

മി. ചെയർമാൻ : ഈ സബ്മിഷനുള്ള മറുപടി വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി അടുത്ത ദിവസം പറയും.

(6) എഞ്ചിൻ ഓയിലിനുപകരം വെളിച്ചെണ്ണ ഉപയോഗിക്കുന്നത് വഴി വെളിച്ചെണ്ണയുടെ ഉപയോഗം വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, പ്രധാനപ്പെട്ട ഒരു വിഷയമാണ് ഈ സഭയുടെ മുന്നിലും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ മുൻപിലും കൊണ്ടുവരാനുള്ളത്. വിലയിടിവുമൂലം വമ്പിച്ച തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന നാളികേര കർഷകർക്ക് ആശ്വാസമുള്ള വാർത്തകളാണ് ഇപ്പോൾ കുറെനാളുകളായി വന്നുകൊണ്ടിരിക്കുന്നത്. ഇന്നുപയോഗിക്കുന്ന എഞ്ചിൻ ഓയിലിനേക്കാൾ ഫലപ്രദമാണ് വെളിച്ചെണ്ണ എന്ന് ഉപയോഗിച്ചിട്ടുള്ളവർക്കെല്ലാം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഏതാനും ആട്ടോറിക്ഷാ ഡ്രൈവർമാർ സ്കൂട്ടർ ഉപയോഗിക്കുന്നവരും ഒറ്റപ്പെട്ട് നടത്തിയിട്ടുള്ള പരീക്ഷണത്തിലാണ് ഇത് ബോദ്ധ്യപ്പെട്ടിട്ടുള്ളത്. ആറുമാസത്തിലധികമായി ആട്ടോറിക്ഷകളിൽ വെളിച്ചെണ്ണയുപയോഗിക്കുന്നത് ഓയിൽ ഉപയോഗിക്കുന്നതിനേക്കാൾ ഫലപ്രദമാണെന്ന് ആ ഡ്രൈവർമാർക്കെല്ലാം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കോഴിക്കോട്, കാസർഗോഡ്, അതുപോലെ കേരളത്തിലെ പലഭാഗങ്ങളിലും ഇതുപയോഗിക്കുന്നുണ്ട്. ലെജിസ്ലേച്ചറിലെ ഒരു പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻ സ്കൂട്ടറിൽ വെളിച്ചെണ്ണ ഉപയോഗിക്കുന്നത് വളരെ ഫലപ്രദമാണെന്നാണ് എന്നോട് പറഞ്ഞത്. വെളിച്ചെണ്ണ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം വേണ്ടത്ര ഉണങ്ങാത്ത കൊപ്രായാട്ടി ഉണ്ടാക്കുന്ന വെളിച്ചെണ്ണയിൽ ജലാംശമുണ്ടാകും ആ ജലാംശം നീക്കം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുവേണം എഞ്ചിനിൽ ഒഴിക്കാൻ.

(അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ)

ഈ നിലയിൽ ഗവൺമെന്റ് ഇതു സംബന്ധിച്ച് ഫലപ്രദമായി പരിശോധന നടത്തി വെളിച്ചെണ്ണ ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കണം. ഓയിൽ മേഖലയെന്നുപറയുന്നത് വൻകിട കുത്തകക്കാരാണ്. കോടിക്കണക്കിന് രൂപ പരസ്യത്തിനും മറ്റും ചെലവാക്കുന്നവരുമാണ്. അപ്പോൾ ഇവരുമായാണ്

LIBRARY ARCHIVES Kerala Legislative Assembly

മൽസരിക്കേണ്ടിവരുന്നത്. അതുകൊണ്ട് വെളിച്ചെണ്ണ ഫലപ്രദമാണെന്ന് കണ്ട നിലയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഈ പരീക്ഷത്തിനുള്ള നേതൃത്വം ഏറ്റെടുക്കണം. മന്ത്രി ഉപയോഗിക്കുന്ന വാഹനത്തിൽ ഓയിലിന് പകരം വെളിച്ചെണ്ണ ഉപയോഗിക്കണം എന്നിട്ട് മന്ത്രിതന്നെ ആ വസ്തുത ബോദ്ധ്യപ്പെടുത്തണം. കേരളത്തിലെ മുഴുവൻ കൃഷിക്കാർക്കും പ്രയോജനം ലഭിക്കുന്ന ഒന്നാണ്. ഏതായാലും ആറുമാസത്തിലധികമായി കേരളത്തിലെ കുറെ കൃഷിക്കാർ ഒറ്റപ്പെട്ട പരീക്ഷണം നടത്തി അവർക്ക് പ്രതീക്ഷയുണ്ടാകത്തക്ക വിധത്തിൽ, കുറെ ഡ്രൈവർമാർ നടത്തിയിട്ടുള്ള പരീക്ഷണം ഗവൺമെന്റ് ഏറ്റെടുക്കുകയും വെളിച്ചെണ്ണയുപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. അത് പ്രോത്സാഹിപ്പിക്കാൻ മുൻകൈയെടുക്കണമെന്ന് വിനയപൂർവ്വം കൃഷി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ബാലൻ വൈദ്യർ ഇവിടെ ഉന്നയിച്ച വിഷയത്തെ സംബന്ധിച്ച് പത്രങ്ങളിൽ അദ്ദേഹം വായിച്ചതു പോലെതന്നെ ആ വാർത്ത ഞാനും വായിക്കുകയുണ്ടായി. പെട്രോളിനോടൊപ്പം കലർത്തുന്ന ഓയിലിനു പകരം വെളിച്ചെണ്ണ വിജയകരമായി ഉപയോഗിക്കാൻ കഴിയുമെന്നാണ് ആ വാർത്തകളുടെ ഉള്ളടക്കം. ചില ആട്ടോറിക്ഷാ ഡ്രൈവർമാർ ഓയിലിന് പകരം വെളിച്ചെണ്ണ ഉപയോഗിച്ചപ്പോൾ കൂടുതൽ കിലോമീറ്റർ ലഭിക്കുകയും അതുപോലെതന്നെ പുകയില്ലാത്ത ഒരു സ്ഥിതിവിശേഷമുണ്ടാകുകയും ചെയ്തുവെന്നാണ് പത്രവാർത്തയിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത്. പത്രവാർത്ത മനസ്സിലാക്കിയതിനെത്തുടർന്ന് ഗവൺമെന്റ് കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള താനൂരിലെ കേളപ്പജി കാർഷിക എഞ്ചിനീയറിംഗ് കോളേജിനോടും തിരുവനന്തപുരത്തെ റീജിയണൽ റിസർച്ച് ലബോറട്ടറിയോടും ഇതിനെ സംബന്ധിച്ച് പരീക്ഷണങ്ങൾ നടത്തി അടിയന്തിരമായി അതിന്റെ റിപ്പോർട്ട് തരാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ആ രണ്ട് സ്ഥാപനങ്ങൾക്കും ഇത് പരീക്ഷണം നടത്തുന്നതിനു സാമ്പത്തികമായ സഹായം ആവശ്യമുണ്ടെങ്കിൽ സംസ്ഥാന ഗവൺമെന്റ് നൽകാൻ തയ്യാറാണ്. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ, വെളിച്ചെണ്ണ ഇതിനു വിജയകരമായി ഉപയോഗിക്കാൻ കഴിയുമെന്നാണ് പരീക്ഷണത്തിന്റെ റിസൽറ്റെങ്കിൽ തീർച്ചയായും ഗവൺമെന്റ് ഇതിന് മുൻഗണന കൊടുക്കുകയും ശുദ്ധീകരിച്ച വെളിച്ചെണ്ണ പെട്രോളിൽ ചേർക്കാനുള്ള ഓയിൽ എന്ന നിലയ്ക്ക് വിതരണം ചെയ്യാനുള്ള സംവിധാനത്തിന് ഗവൺമെന്റ് രൂപം നൽകുകയും ചെയ്യും. വിജയകരമെന്ന് അനുഭവപ്പെട്ടു കഴിഞ്ഞാൽ വെളിച്ചെണ്ണയ്ക്ക് കുറച്ചുകൂടി ഉയർന്ന വില കിട്ടാനും തെങ്ങ് കൃഷിക്കാരെ സഹായിക്കാനും കഴിയുന്ന ഒന്നാണ്. കാറിന് ഇത് ഉപയോഗിക്കാൻ കഴിയുമോ എന്നറിയില്ല., അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റ് താല്പര്യമെടുക്കും.

(7) മരങ്ങാട്ടുപള്ളി, കടപ്ലാമറ്റം പഞ്ചായത്തുകളിലുണ്ടായ ചുഴലിക്കാറ്റിൽ കൃഷി നശിച്ചവർക്ക് നഷ്ട പരിഹാരം

ശ്രീ. കെ. എം. മാണി : സർ, കഴിഞ്ഞ വർഷം 7-ാം തീയതി മരങ്ങാട്ടുപള്ളി, കടപ്ലാമറ്റം പഞ്ചായത്തിലുണ്ടായ ചുഴലിക്കാറ്റിന്റെ ഫലമായി ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടമുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിതന്നെ ആ പ്രദേശം നേരിട്ടുകണ്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഒരു പൈസപോലും ഇതുവരെയായി

LIBRARY ARCHIVES Kerala Legislative Assembly